"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.സജ്ന.പി.പി, അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി ,കോഴിക്കോട് -ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 990/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2211/2023/H&FWD തീയതി,തിരുവനന്തപുരം, 26-08-2023

---

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ.സജ്ന.പി.പി ഫയൽ ചെയ്ത ഒഎ 990/2023 നമ്പർ കേസിൽ 19/06/2023 തീയതിയിൽ പുറപ്പെടുവിക്കപ്പെട്ട ഉത്തരവ്
2. സഉ (സാധ) 1518/2023/ആകുവ തീയതി 26/06/2023
3. സഉ (സാധ) 1603/2023/ആകുവ തീയതി 04/07/2023
4. ഡോ.സജ്ന .പി.പി., അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. അപ്പീൽ കമ്മിറ്റി 22/07/2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് കാരശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.സജ്ന.പി.പിയ്ക്ക് കുറ്റ്യാടി താലൂക്കാശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 990/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

2. ഇതിനിടെ ഡോസജ്ന.പി.പി പരാമർശം (4) പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.സജ്ന.പി.പി യുടേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ

0018863

അപേക്ഷയിലും ഡോ.സജ്ന.പി.പി ആവശ്യപ്പെട്ടത്, ടിയാളുടെ ആരോഗ്യാവസ്ഥ പരിഗണിച്ച്, ടിയാളുടെ താമസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്റ്റേഷനിൽ നിയമനം നൽകണം എന്നതാണ്.

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയും ഡോ.സജ്ന.പി.പി യുടെ ആരോഗ്യാവസ്ഥ പരിഗണിച്ച് പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവുകളിൽ അർഹത അനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ശിപാർശ ചെയ്യുകയും ഉണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ടി ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.സജ്ന.പി.പി യുടെ ആരോഗ്യാവസ്ഥ പരിഗണിച്ച്, പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ഓപ്ഷൻ നൽകിയ സ്റ്റേഷനുകളിൽ അടുത്ത് ഉണ്ടാകുന്ന ഒഴിവുകളിൽ അർഹത അനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി, ടിയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി, ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം

ഡോ.സജ്ന. പി.പി, അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം, കാരശ്ശേരി, കോഴിക്കോട്.

ഡോ.നന്ദകുമാർ .ആർ ,അസിസ്റ്റന്റ് സർജൻ, ജില്ലാ ആശുപത്രി , വടകര, മലപ്പുറം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 26-08-2023 18:10:58

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 04.09.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി